# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2110 - 18.06.2013-ലെ മറുപടിക്ക്**

## വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ. ടി. എം. തോമസ് ഐസക്**<br>**ശ്രീ. എളമരം കരീം**<br>**ശ്രീ. ബാബു എം. പാലിശ്ശേരി**<br>**ശ്രീ. കെ. ദാസൻ** | **ശ്രീ. കെ. എം. മാണി**<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീം പ്രയോജനപ്പെടുത്താൻ സാധ്യമായിട്ടുണ്ടോ; വിശദമാക്കാമോ;<br>(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും വാർഷിക പ്ലാനിൽ കേന്ദ്ര ഗവൺമെന്റ് വകയിരുത്തിയ മൊത്തം തുക യും, അതിൽ സംസ്ഥാനം നേടിയെടുത്ത തുകയും സംബന്ധിച്ച് വിശദമാക്കാമോ;<br>(സി) വി.ജി.എഫ്. സ്കീം അനുസരിച്ചുള്ള സഹായത്തിനായി സംസ്ഥാനം എത്ര ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ സമർപ്പിച്ചി ട്ടുണ്ട് എന്ന് വിശദമാക്കുമോ? | പെട്രോളിയം കെമിക്കൽസ് ആന്റ് പെട്രോകെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൺ (പി.സി.പി.ഐ.ആർ) എന്ന പദ്ധതിയ്ക്ക് വേണ്ടിയും കൊച്ചി-പാലക്കാട് നിംസ് പദ്ധതിയ്ക്ക് വേണ്ടിയും കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീമിൽ നിന്ന് സഹായം ലഭിക്കുന്നതിലേക്ക് ശ്രമം ആരംഭിച്ചിട്ടുണ്ട്. കൂടാതെ എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ സമർപ്പിച്ച മറ്റു ചില പദ്ധതികൾക്കും വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീമിൽ നിന്ന് സഹായം നേടാൻ ശ്രമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**